**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2974** **07.11.2019-ൽ മറുപടിക്ക്**

**പൊതുമരാമത്ത് റെസ്റ്റ് ഹൗസുകളിലെ ക്രമക്കേടുകൾ**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.അബ്ദുൽ ഹമീദ് പി.** | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) പൊതുമരാമത്ത് റെസ്റ്റ് ഹൗസുകളിലെ സ്റ്റാഫ് ഘടന വ്യക്തമാക്കാമോ; | (എ) പൊതുമരാമത്ത് വകുപ്പിന് കീഴിൽ ക്ലാസ്സ്-I, ക്ലാസ്സ്-II, കാറ്റഗറികളിലുള്ള റസ്റ്റ് ഹൗസുകളാണ് ഉള്ളത്. മാനേജർ, കെയർടേക്കർ, മേട്ടി, ബട്ലർ, കുക്ക്, കുക്ക് കം വാച്ച്മാൻ, പാർട് ടൈം സ്വീപ്പർ, ഗാർഡ്നർ, വാച്ച്മാൻ, സ്വീപ്പർ കം ക്ലീനർ, പ്ലംബർ എന്നിങ്ങനെയാണ് റസ്റ്റ് ഹൗസുകളിലെ സ്റ്റാഫ് ഘടന. എന്നാൽ റസ്റ്റ് ഹൗസുകളുടെ കാറ്റഗറിയ്ക്കനുസരിച്ച് പ്രസ്തുത സ്റ്റാഫ് ഘടനയിൽ വ്യത്യാസം വരാറുണ്ട്. |
| (ബി) മുറികൾ അനുവദിക്കുന്നതിലും നിയമപ്രകാരമുള്ള വാടക ഈടാക്കുന്നതിലും ഉൾപ്പെടെ റെസ്റ്റ് ഹൗസ് ജീവനക്കാർ സുതാര്യമായാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ പൊതുമരാമത്ത് വകുപ്പിന് സംവിധാനങ്ങളുണ്ടോ; വിശദമാക്കാമോ; | (ബി) മുറികൾ അനുവദിക്കുന്നതിനും നിയമ പ്രകാരമുള്ള വാടക ഈടാക്കുന്നതിലും റസ്റ്റ് ഹൗസ് ജീവനക്കാർ സുതാര്യമായാണ് പ്രവർത്തിക്കുന്നത് എന്ന് ഉറപ്പുവരുത്തുവാനായി ഡിവിഷൻ ഓഫീസ് വഴിയാണ് മുറികൾ അനുവദിക്കുന്നത്. ഒക്യുപേഷൻ രജിസ്റ്റർ, രസീത് ബുക്ക്, ക്യാഷ്ബുക്ക് എന്നിവ മെയിന്റയിൻ ചെയ്യുകയും ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥർ ടി രജിസ്റ്ററുകൾ എല്ലാ മാസവും ഒന്നാം തീയതിയും 16-ാം തീയതിയും പരിശോധിച്ച് ഉറപ്പ് വരുത്തുകയും ചെയ്യുന്നു. കൂടാതെ അതാത് സബ് ഡിവിഷനിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസീയർ എന്നിവർ സന്ദർശനം നടത്തി പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ട്. |
| (സി) വ്യാജ ബില്ലുകൾ ഉണ്ടാക്കി മുറികൾ വാടകക്ക് കൊടുക്കുക; സാമൂഹ്യ വിരുദ്ധർക്ക് താവളമൊരുക്കുക തുടങ്ങിയ ഗുരുതരമായ ആരോപണങ്ങൾ ഏതെങ്കിലും റെസ്റ്റ് ഹൗസിനെതിരെ സമീപകാലത്ത് ഉണ്ടായിട്ടുണ്ടോ; | (സി) ഉണ്ടായിട്ടുണ്ട്. കുന്ദംകുളം റസ്റ്റ് ഹൗസിനെ സംബന്ധിച്ച് ഇങ്ങനെ ഒരു പരാതി ലഭിച്ചിരുന്നു. കെയർ ടേക്കറെ സസ്പെന്റ് ചെയ്തു അന്വേഷണം നടത്തി വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | എങ്കിൽ ഇക്കാര്യത്തിൽ എന്ത് തുടർനടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ? | (ഡി) | ആരോപണ വിധേയരായ ഉദ്യോഗസ്ഥർക്ക് എതിരെ സസ്പെൻഷൻ ഉൾപ്പെടെയുള്ള അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ